**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 644** **28-06-2022 - ൽ മറുപടിയ്ക്ക്**

**കൂടംകുളം കൊച്ചി പവർഹൈവേയുടെ സ്ഥലമേറ്റെടുപ്പ്-നഷ്ടപരിഹാര തുക നൽകുന്നത് ത്വരിതപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൂടംകുളം കൊച്ചി പവർഹൈവേയുടെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട നഷ്ടപരിഹാര തുക ഭൂമി വിട്ടു നൽകിയ മുഴുവൻ ആളുകൾക്കും കൈമാറിയിട്ടുണ്ടോ, ഏതൊക്കെ പ്രദേശങ്ങളിൽ ഉള്ളവർക്ക് ഇനിയും തുക കൈമാറാനുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കൂടംകുളം കൊച്ചി പവർഹൈവേയുടെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട നഷ്ടപരിഹാര തുക ഭൂമി വിട്ടുനൽകിയ മുഴുവൻ ആളുകൾക്കും കൈമാറിയിട്ടില്ല. കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം എന്നീ നാല് ജില്ലകളിൽക്കൂടിയാണ് കൂടംകുളം-കൊച്ചി പവർഹൈവേ കേരളത്തിൽ കടന്നുപോകുന്നത്. ഈ ജില്ലകളിൽ ഇനിയും നഷ്ടപരിഹാരം വിതരണം ചെയ്യാൻ ബാക്കി നിൽക്കുന്ന പ്രദേശങ്ങളെ സംബന്ധിച്ച വിവരം ചുവടെ ചേർത്തിരിക്കുന്നു.<br><br><u>കൊല്ലം</u><br><br>പത്തനാപുരം, പുന്നല, പിറവന്തൂർ, ഇടമൺ എന്നീ വില്ലേജുകളുടെ പരിധിയിലുള്ള റിക്കാർഡുകൾ ഹാജരാക്കാത്തവർക്ക് കോറിഡോർ കോമ്പൻസേഷൻ നൽകാനുണ്ട്.<br><br><u>പത്തനംതിട്ട</u><br><br>കലഞ്ഞൂർ, കൂടൽ, അരുവാപ്പലം, കോന്നി, കോന്നി-താഴം, പ്രമാടം, മലയാലപ്പുഴ, മൈലപ്ര, ചെറുകോൽ, റാന്നി, അങ്ങാടി, പെരുമ്പെട്ടി, കോട്ടാങ്ങൽ എന്നീ പ്രദേശങ്ങളിൽ ഉൾപ്പെടുന്നവർക്ക് ഇനിയും നഷ്ടപരിഹാരം കൈമാറാനുണ്ട്.<br><br><u>കോട്ടയം</u><br><br>മുളക്കുളം, ഞീഴൂർ, കുറവിലങ്ങാട്, കാണക്കാരി, കടപ്ലാമറ്റം, കിടങ്ങൂർ, ഏറ്റുമാനൂർ, അയർക്കുന്നം, കൂരോപ്പട, പാമ്പാടി, ആനിക്കാട്, വാഴൂർ, കങ്ങഴ, വെള്ളാവൂർ എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്നവർക്ക് ഇനിയും നഷ്ടപരിഹാരം കൈമാറാനുണ്ട്.<br><br><u>എറണാകുളം</u> |

| | | | |
|---|---|---|---|
| | | | ഭൂമി സംബന്ധമായി ഫെയർ വാല്യു ഉൾപ്പെടെ ശരിയായ രേഖകൾ സമർപ്പിക്കാത്തതും മറ്റ തർക്കങ്ങൾ നിലനിൽക്കുന്നതുമായ മൂവാറ്റുപുഴ, കുന്നത്തുനാട് താലൂക്കുകളുടെ പരിധിയിൽ വരുന്ന ഭൂ ഉടമകൾക്ക് ഇനിയും നഷ്ടപരിഹാരം നൽകാനുണ്ട്. |
| (ബി) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലുൾപ്പെടുന്ന പ്രദേശത്തെ എത്രപേർക്ക് ഇനിയും പ്രസ്തുത നഷ്ടപരിഹാര തുക ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലുൾപ്പെടുന്ന പ്രദേശത്തെ 281 കക്ഷികൾക്ക് ഇനിയും നഷ്ടപരിഹാര തുക ലഭിക്കാനുണ്ട്. |
| (സി) | നഷ്ടപരിഹാര തുക ലഭിക്കാത്തത് സംബന്ധിച്ച് പരാതികൾ പരിശോധിക്കാൻ വിളിച്ച് ചേർത്ത അദാലത്തിന്റെ നടപടികൾ ഇപ്പോൾ ഏതവസ്ഥയിലാണ്; അദാലത്തിൽ എടുത്ത തീരുമാനം എത്രയും വേഗം നടപ്പിലാക്കാൻ നടപടി സ്വീകരിക്കാമോ? | (സി) | കോട്ടയം ജില്ലയിൽ 2022 ഫെബ്രുവരിയിൽ നടത്തിയ വില്ലേജ് തിരിച്ചുള്ള സ്പെഷ്യൽ ക്യാമ്പിൽ 118 വരെയുള്ള കോറിഡോറുകളിൽ റിക്കാർഡുകൾ സമർപ്പിച്ച കക്ഷികൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുള്ളതാണ്. ബാക്കി കോറിഡോറുകളിൽ നഷ്ടപരിഹാരം നൽകുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. വില്ലേജ്തല അദാലത്തുകൾ പത്തനംതിട്ട ജില്ലയിൽ നടത്തിയിരുന്നതും കൃത്യമായ രേഖകൾ ഹാജരാക്കിയ എല്ലാ കൈവശക്കാർക്കും നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുള്ളതുമാണ്. നഷ്ടപരിഹാരം നൽകുന്നതു മായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിൽ അദാലത്തുകൾ സംഘടിപ്പിച്ചിട്ടില്ല. നഷ്ടപരിഹാര തുക നിശ്ചയിച്ചതുമായി / നൽകിയതുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള OP(Ele) കേസുകൾ തീർപ്പാക്കുന്നതിന് കോടതികൾ വിവിധ കാലങ്ങളിൽ നിശ്ചയിച്ച അദാലത്തുകൾ എറണാകുളം ജില്ലയിൽ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ